**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 107** | **16-09-2025 - ൽ മറുപടിയ്ക്ക്**

**കോടഞ്ചേരി പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിന് തുടർ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഭരണാനുമതി ലഭിച്ചെങ്കിലും കോടഞ്ചേരി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് തുടർ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | കോടഞ്ചേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി Assistance to States and UTs for Modernization of Police (ASUMP 2024-25) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 31.08.2024 തീയതിയിലെ സ.ഉ. (സാധാ) നം.2537/2024/ ആഭ്യന്തരം പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിനുള്ള ഫണ്ട് അനുവദിച്ചിട്ടുള്ളതുമാണ്. തുടർന്ന് പുതിയ കെട്ടിട നിർമ്മാണത്തിനായി പോലീസ് സ്റ്റേഷന് സമീപത്തായി സ്ഥലം ഡീ മാർക്ക് ചെയ്ത് നൽകിയിട്ടുള്ളതും, പ്രസ്തുത സ്ഥലം പരിശോധിച്ച് സ്റ്റേഷൻ നിർമ്മാണത്തിന് കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിച്ച പ്ലാൻ അംഗീകരിച്ച് തിരികെ നൽകിയിട്ടുള്ളതുമാണ്.<br><br>നിലവിൽ സോയിൽ ടെസ്റ്റ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ ഡ്രോയിങ്ങ് തയ്യാറാക്കി വരുന്നു. ഡ്രോയിങ്ങിന്റെ അടിസ്ഥാനത്തിൽ ഫൈനൽ എസ്റ്റിമേറ്റ് ലഭ്യമാവുന്ന മുറക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്ന രീതിയിൽ നടപടികൾ പൂർത്തിയാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | 2025 ഒക്ടോബർ മാസം അവസാനത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ